**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 696** **06-12-2022 - ൽ മറുപടിയ്ക്ക്**

**വ്യാജ ഖാദി ഉല്പന്നങ്ങളുടെ വിൽപനയും സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അഖിലേന്ത്യാ ഖാദി കമ്മിഷന്റെയോ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെയോ സർട്ടിഫിക്കേഷൻ ഇല്ലാത്ത വ്യാജ ഖാദി ഉല്പന്നങ്ങളുടെ വില്പന തടയാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | സ്വീകരിച്ചു വരുന്നു. വ്യാജ ഖാദി ഉല്പന്നങ്ങളുടെ വിപണനം തടയുന്നതിനായി പൊതുജനങ്ങളിൽ യഥാർത്ഥ ഖാദി എവിടെ ലഭ്യമാകും എന്ന അവബോധം സൃഷ്ടിച്ചും, അംഗീകാരമില്ലാതെ "ഖാദി" എന്ന വാക്ക് ഉപയോഗിക്കുന്നതിനെതിരെ നിയമ നടപടികൾ സ്വീകരിച്ചും യഥാർത്ഥ ഖാദി വിൽക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ അംഗീകൃത ഷോറൂമുകളിൽ നിന്നും ഖാദി കമ്മീഷന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും ഇത്തരം വ്യാജ ഖാദി ഉല്പന്നങ്ങൾ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ വൈവിദ്ധ്യവൽക്കരണം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | നടപ്പിലാക്കികൊണ്ടിരിക്കുന്നു. "ഖാദി പഴയ ഖാദി അല്ല" എന്ന സന്ദേശം ഉപഭോക്താക്കളിൽ എത്തുന്ന തരത്തിലുള്ള മാറ്റങ്ങളാണ് ഖാദി വസ്ത്രങ്ങളിൽ വരുത്തിയിട്ടുള്ളത്. പുതിയ തലമുറയെ ആകർഷിക്കത്തക്കവിധം വെസ്റ്റേൺ വെയേഴ്സ് പാർട്ടി വെയേഴ്സ്, കാഷ്വൽ വെയേഴ്സ്, ഓഫീസ് വെയേഴ്സ്, റെഡിമെയ്ഡ് ചുരിദാർ, ഫാഷൻ ടോപ്പ്, കിഡ്സ് വെയേഴ്സ്, അംഗനവാടി യൂണിഫോം, ടീച്ചേഴ്സ് അപ്രോൺ, ഡോക്ടേഴ്സ്-നേഴ്സസ് കോട്ട് കാക്കി യൂണിഫോം തുടങ്ങിയവയും പരമ്പരാഗത രീതിയിലുള്ള ഖാദിവസ്ത്രങ്ങളും വിപണിയിൽ ഇറക്കുവാൻ സാധിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയാണ് ഇതിനായി ഖാദി |

| | | | |
|---|---|---|---|
| | | | ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കുന്നത് ഇതു കൂടാതെ ബോർഡിന്റെ മേജർ ഷോപ്പുകളിലും ഡിസൈനർമാരുടെ സേവനം ലഭ്യമാണ്. കസ്റ്റമറുടെ അഭിരുചി അനുസരിച്ച് ഡിസൈൻ ചെയ്ത് തയ്ച്ച കൊടുക്കുന്നു. തിരുവനന്തപുരത്ത് വഞ്ചിയൂരിൽ ബോർഡ് പുതിയതായി ആരംഭിച്ച ഷോറൂമിന്റെ ഈ സേവനങ്ങൾ പൊതുജനങ്ങൾ നല്ല രീതിയിൽ പ്രയോജനപ്പെടുത്തുന്നു. കൂടാതെ ബോർഡ് നേരിട്ട് നടത്തുന്ന റെഡിമെയ്ഡ് യൂണിറ്റുകൾ നവീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. നാട്ടറിവിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന ഗ്രാമ വ്യവസായ ഉൽപന്നങ്ങൾ കൂടി വിപണിയിൽ എത്തിക്കാനുള്ള നടപടി സ്വീകരിച്ച വരുന്നു. അതോടൊപ്പം ഫ്ലിപ്പ്കാർട്ടുമായി സഹകരിച്ച് ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും ഉല്പന്നങ്ങളുടെ വില്പനയിലുണ്ടായിട്ടുള്ള ഇടിവും കൈത്തറി മേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുന്ന സാഹചര്യത്തിൽ ഇവയെ സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ച വരുന്നതെന്ന് അറിയിക്കുമോ; | (ഡി) | കൈത്തറി ഉൽപ്പന്നങ്ങളുടെ വിൽപ്പന പ്രോത്സാഹിപ്പിക്കാനായി ഒരു സാമ്പത്തിക വർഷം 56 ദിവസം റിബേറ്റ് ദിനങ്ങളായി സർക്കാർ അനുവദിക്കുന്നുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ പ്രതിസന്ധി നേരിട്ട കൈത്തറി ഉൽപ്പന്ന വിപണി പ്രോത്സാഹിപ്പിക്കാൻ സർക്കാർ മുൻകൂട്ടി അനുവദിച്ച 56 ദിവസത്തെ റിബേറ്റ് ദിനങ്ങൾക്ക് പുറമെ 2020-2021 സാമ്പത്തിക വർഷം 50 ദിനങ്ങളും 2021-2022 സാമ്പത്തിക വർഷം 6 ദിനങ്ങളും സ്പെഷ്യൽ റിബേറ്റ് ദിനങ്ങളായി അധികമായി അനുവദിച്ചിരുന്നു. ടി കാലയളവിലെ വിൽപ്പനയ്ക്ക് സർക്കാർ സംഘങ്ങൾക്ക് റിബേറ്റ് അനുവദിച്ചുനൽകുന്നുണ്ട്. കൂടാതെ വിഷു, ഓണം, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സമയങ്ങളിൽ ജില്ലാ, സംസ്ഥാന തല എക്സിബിഷനുകളും കൈത്തറി മേളകളും സംഘടിപ്പിക്കുന്നുണ്ട്. കൈത്തറി സംഘങ്ങൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ നൂലും ചായവും സബ്സിഡി നിരക്കിൽ അംഗീകൃത യാൺ ബാങ്കുകൾ വഴി നൽകിവരുന്നു. യാൺ ബാങ്കുകൾക്ക് അസംസ്കൃത വസ്തുക്കൾ വാങ്ങി സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിന് മാർജിൻ മണി ലോണും നൽകി വരുന്നു. |
| (ഇ) | ഖാദി, കൈത്തറികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നുള്ള റിബേറ്റ് ലഭ്യമാകുന്നുണ്ടോ എന്നറിയിക്കുമോ; | (ഇ) | ഇല്ല |
| (എഫ്) | സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിൽ ഖാദി വസ്തുങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച | (എഫ്) | ഇല്ല |

| | | | |
|---|---|---|---|
| | നിർദ്ദേശം വകുപ്പിൽ ലഭ്യമായിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ